പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.244 07.11.2019 ൽ മറുപടിക്ക്

## മലയോര, തീരദേശ ഹൈവേകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ.ജി.സുധാകരൻ<br>(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കണക്ടിവിറ്റി റോഡുകൾ നിർമ്മിക്കുകയും നിലവിലുള്ള റോഡുകൾ വികസിപ്പിക്കുകയും ചെയ്ത് മലയോര ഹൈവേ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ; കാലാവസ്ഥാ വ്യതിയാനം തുറന്നു കാട്ടിയ മലയോര മേഖലയുടെ പാരിസ്ഥിതിക ദുർബലാവസ്ഥ പദ്ധതിയെ ഏതെങ്കിലും തരത്തിൽ ബാധിക്കാനിടയുണ്ടോ എന്നറിയിക്കാമോ; | (എ) കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ 1251.04 കി.മീ. നീളത്തിലാണ് മലയോര ഹൈവേ നിർമ്മിക്കുന്നത്. ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിൽക്കൂടിയും മലയോര ഹൈവേ കടന്നു പോകുന്നുണ്ട്. 2017 - 18 -ലെ ബഡ്ജറ്റ് പ്രസംഗത്തിൽ മലയോര ഹൈവേ നിർമ്മാണത്തിനു വേണ്ടി - 3500 കോടി രൂപ ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതനുസരിച്ച് 10.07.2017 ലെ സ.ഉ (സാധാ) നം.942/2017/പൊ.മ.വ പ്രകാരം കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി മലയോര ഹൈവേ നിർമ്മാണം നടത്തുന്നതിന് 3500 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഓരോ ജില്ലയിലൂടെയും കടന്നു പോകുന്ന മലയോര ഹൈവേ ഭാഗം വിവിധ റീച്ചുകളായി തിരിച്ചാണ് മലയോര ഹൈവേയുടെ നിർമ്മാണം നടപ്പിലാക്കുന്നത്. ഇതുവരെ 26 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചു. (തിരുവനന്തപുരം - 4, കൊല്ലം - 1, ഇടുക്കി-3, എറണാകുളം-2, തൃശ്ശൂർ - 2, പാലക്കാട് - 2, മലപ്പുറം - 3, കോഴിക്കോട് - 3, വയനാട്-2, കാസർഗോഡ്-4). ഇതിൽ 18 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. ഈ 18 റീച്ചുകൾക്കുമായി 1506.24 കോടിരൂപയാണ് അനുവദിച്ചിട്ടുള്ളത്. കിഫ്ബിയിൽ നിന്ന് സാമ്പത്തികാംഗീകാരം ലഭിച്ച റീച്ചുകളുടെ ആകെ നീളം 460.599 കി.മീ. ആണ്. അംഗീകാരം ലഭിച്ച പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

**തിരുവനന്തപുരം ജില്ല** **നീളം**

1. കള്ളിക്കാട് പാറശ്ശാല ഒന്നാം ഘട്ടം – 15.495 കി.മീ
2. കള്ളിക്കാട് പാറശ്ശാലരണ്ടാംഘട്ടം – 15.705 കി.മീ
3. കൊല്ലായിൽ ചല്ലമുക്ക് വിതുര റോഡ്–21.08 കി.മീ.
4. പെരിങ്ങമല വിതുര റോഡ് – 9.450 കി.മീ.

**കൊല്ലം ജില്ല**

5. പുനലൂർ അഗസ്ത്യകോട് റോഡ് – 48.10 കി.മീ.

**ഇടുക്കി ജില്ല**

6. കട്ടികാനം ചപ്പാത്ത് റോഡ് – 19.00 കി.മീ.
7. പീരുമേട് ദേവികുളം റോഡ് – 27.717 കി.മീ

**തൃശ്ശൂർ ജില്ല**

8. വെള്ളിക്കുളങ്ങര വെറ്റിലപ്പാററോഡ്–19.00 കി.മീ.

**മലപ്പുറം ജില്ല**

9. പൂക്കോട്ടുപാടം തമ്പുരാട്ടികല്ല് – 32.19 കി.മീ.
10. പൂക്കോട്ടുപാടം മൂലേപാടം – 20.50 കി.മീ.
11. പൂക്കോട്ടുപാടം കാളികാവ് – 26.31 കി.മീ.

**കോഴിക്കോട് ജില്ല**

12. പുല്ലുവ തൊട്ടിൽപാലം – 28.00 കി.മീ.
13. കോടഞ്ചേരി കക്കാടംപൊയിൽ – 35.35 കി.മീ.

**വയനാട് ജില്ല**

14. പച്ചിലക്കാട് കൈനട്ടി കൽപ്പറ്റ ബൈപ്പാസ് റോഡ് – 16.75 കി.മീ.

**കാസർഗോഡ് ജില്ല**

15. ചേവാർ ഇടപ്പറമ്പ – 49.675 കി.മീ.
16. നന്ദാരപ്പടവ് ചേവാർ – 23.00 കി.മീ.
17. കൊളിച്ചൽ ചെറുപുഴ – 28.877 കി.മീ.
18. കൊളിച്ചൽ ഇടപറമ്പ – 24.40 കി.മീ.

തിരുവനന്തപുരം ജില്ലയിലെ 2 പ്രവൃത്തികളും കൊല്ലം, വയനാട് ജില്ലകളിലെ ഓരോ പ്രവൃത്തിയും കാസർഗോഡ് ജില്ലയിലെ 3 പ്രവൃത്തികളും ഉൾപ്പെടെ 177.702 കി.മീ. ദൂരത്തിൽ 7 പ്രവൃത്തികൾ ആരംഭിച്ചു. പ്രവൃത്തി ആരംഭിച്ച റീച്ചുകൾ ചുവടെ ചേർക്കുന്നു.

**തിരുവനന്തപുരം ജില്ല** **നീളം**

1. കള്ളിക്കാട് പാറശ്ശാല ഒന്നാംഘട്ടം -15.495 കി.മീ

2. കൊല്ലായിൽ ചല്ലിമുക്ക് വിതുരറോഡ് -21.08 കി.മീ.

**കൊല്ലം ജില്ല**

3. പുനലൂർ അഗസ്ത്യകോട് റോഡ് - 48.10 കി.മീ.

**വയനാട് ജില്ല**

4. പച്ചിലക്കാട് കൈനട്ടി കൽപ്പറ്റ ബൈപ്പാസ് റോഡ് - 16.75 കി.മീ.

**കാസർഗോഡ് ജില്ല**

5. നന്ദാരപ്പടവ് ചേവാർ - 23.00 കി.മീ.
6. കൊളിച്ചൽ ചെറുപുഴ - 28.877 കി.മീ.
7. കൊളിച്ചൽ ഇടപറമ്പ - 24.40 കി.മീ.

മലയോര ഹൈവേയുടെ നിർമ്മാണത്തിനായി നിലവിലുള്ള റോഡുകൾ തന്നെയാണ് അലൈൻമെൻറിൽ കൂടുതലായും ഉൾപ്പെട്ടിട്ടുള്ളത്. ആയതിനാൽ തന്നെ കൂടുതൽ ഭൂമി ഉയർത്തുകയോ താഴ്ത്തുകയോ ചെയ്യാതെ മലയോര മേഖലയുടെ ഭൂപ്രകൃതിക്ക് അനുയോജ്യമായ രീതിയിലാണ് നിർമ്മാണം നടത്തി വരുന്നത്. കൂടാതെ മണ്ണിടിച്ചിലിനുള്ള സാധ്യത കുറയ്ക്കുന്ന രീതിയിൽ ആവശ്യമായ സംരക്ഷണ ഭിത്തികളും, ഓടകളും, കലുങ്കുകളും നിലവിലുള്ള നീർചാലുകൾക്ക് തടസം വരാതെ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്.

**കണ്ണൂർ ജില്ലയിലെ മലയോരഹൈവേയുടെ സ്ഥിതി**

കണ്ണൂർ ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം പരിധിയിൽ വരുന്ന ചെറുപുഴ മുതൽ അമ്പായത്തോട് വരെയുള്ള 109.53 കി.മീ. ദൈർഘ്യമുള്ളതാണ് നിർദ്ദിഷ്ട മലയോര ഹൈവേ. ഇതിൽ ഉൾപ്പെട്ട ചെറുപുഴ മുതൽ വള്ളിത്തോട് വരെയുള്ളതും എന്നാൽ ബജറ്റിൽ ഉൾപ്പെടുത്തി അഭിവൃദ്ധിപ്പെടുത്തി പൂർത്തീകരിച്ചതുമായ പ്രവൃത്തികൾ ഒഴിച്ച് ബാക്കിവരുന്ന 49.135 കി.മീ. അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിക്കായി ഡിസ്ട്രിക്റ്റ് ഫ്ലാഗ്ഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 237.20 കോടി രൂപയുടെ ഭരണാനുമതിയും 205 കോടി രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിച്ച പ്രവൃത്തിയുടെ 49 കി.മീ. ഡി.ബി.എം പ്രവൃത്തിയും 4 കി.മീ. ബി.സി പ്രവൃത്തിയും പൂർത്തീകരിക്കുകയും ചെയ്തിരുന്നു. അരിക് സംരക്ഷണ

പ്രവൃത്തികളും ഡി.ബി.എം പ്രവൃത്തിയും പൂർത്തിയാക്കിയ ചില സ്ഥലങ്ങളിൽ 2018 ലെയും 2019 ലെയും പ്രളയം കാരണം ചില തകരാറുകൾ സംഭവിച്ചിരുന്നു. ഇവയുടെ പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാരൻ 31.03.2020 വരെ പ്രവൃത്തി പൂർത്തീകരിക്കാനുള്ള സമയം ദീർഘിപ്പിച്ചുതരുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ഹിൽ ഹൈവേ രണ്ടാം ഘട്ടമായി വള്ളിത്തോട് മുതൽ അമ്പായത്തോട് വരെയുള്ള (66/776 മുതൽ 106/620 വരെ) 39.844 കി.മീ അഭിവൃദ്ധിപ്പെടുത്തുന്നതിന് കിഫ്ബിയിൽ 2017-18 ൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുകയും ആയതിൻറെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് 52.55 കോടി രൂപയുടെ ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ ഹിൽഹൈവേക്ക് വേറെ വനഭൂമി ഏറ്റെടുക്കേണ്ടതായി വരുന്നില്ല.

ബി) പന്ത്രണ്ട് മീറ്റർ റൈറ്റ് ഓഫ് വേ ലഭ്യമായ സ്ഥലങ്ങളിൽ മലയോര ഹൈവേയുടെ പണി ആരംഭിച്ച് ഈ വർഷം തന്നെ പൂർത്തിയാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടോ;

മലയോര ഹൈവേ നിർമ്മിക്കുന്നത് 12 മീറ്റർ വീതിയിലാണ്. മലയോര ഹൈവേയ്ക്ക് വേണ്ടി ആവശ്യമായ സ്ഥലം ജനപ്രതിനിധികളുടെ സഹായത്തോടെ സൗജന്യമായി ലഭ്യമാക്കി ഹൈവേ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഓരോ ജില്ലയിലും ഇത്തരത്തിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിൽ 1506.24 കോടി രൂപയുടെ പ്രവൃത്തികൾക്ക് കിഫ്ബിയിൽ നിന്ന് സാമ്പത്തികാംഗീകാരം ലഭിച്ചിട്ടുണ്ട്. നിലവിൽ 177.70 കി.മീ. നീളത്തിൽ 589.91 കോടി മതിപ്പ് ചെലവുള്ള 7 മലയോര ഹൈവേയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

സി) കിഫ്ബിയിൽ നിന്നുള്ള ആറായിരത്തി അഞ്ഞൂറ് കോടി രൂപ ഉപയോഗിച്ച് നിർമ്മിക്കാനുദ്ദേശിക്കുന്ന തീരദേശ ഹൈവേ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ നാറ്റ്പാക് തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരമുള്ള അലൈൻമെന്റ് 21/05/2017 തീയതിയിലെ സ.ഉ (സാധാ) നം.679/2017/ പൊ.മ.വ പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രസ്തുത ഹൈവേയുടെ നിർമ്മാണത്തിനായി 10/07/2017 ലെ സ.ഉ (സാധാ) നം.942/2017/പൊ.മ.വ പ്രകാരം 6500 കോടി രൂപ യുടെ തത്വത്തിലുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്.

ഇതു പ്രകാരം 11 റീച്ചുകളുടെ ഡിപിആർ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ തീരദേശ ഹൈവേയുടെ വീതി 14 മീറ്ററായി പുതുക്കി നിശ്ചയിച്ച സാഹചര്യത്തിൽ 10 റീച്ചുകളുടെയും ഡിപിആർ പരിഗണിക്കേണ്ടതില്ല എന്നാണ് തീരുമാനിച്ചിട്ടുള്ളത്. 15 കി.മീ. നീളം വരുന്ന മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെയുള്ള ഒരു പ്രവൃത്തിക്ക് മാത്രമാണ് 52.78 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുള്ളത്. ഈ പ്രവൃത്തി ടെണ്ടർ ചെയ്ത് നിർമ്മാണം നടന്നു വരുന്നു. ആവശ്യമായ വീതി ലഭ്യമായ 3.85 കി.മീ. നീളം വരുന്ന മലപ്പുറം ജില്ലയിലെ താനൂർ മൊഹിയുദ്ദീൻ പള്ളി മുതൽ കെട്ടുങ്കൽ വരെയുള്ള ഭാഗത്തിന്റെയും 8.6 കി.മീ. നീളം വരുന്ന കോഴിക്കോട് ജില്ലയിലെ ഫ്രാൻസിസ് റോഡ് ജംഗ്ഷൻ മുതൽ പുതിയാപ്പ വരെയുള്ള ഭാഗത്തിന്റെയും 4 ഡിപിആർ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. മറ്റുള്ള ഭാഗങ്ങളുടെ ഡിപിആർ തയ്യാറാക്കുന്ന പ്രവൃത്തി നടന്നു വരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**